# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം:211 | 18.06.2018 -ൽ മറുപടിക്ക്

## പാഠ്യക്രമം നവീകരിക്കുവാൻ നടപടി

**ചോദ്യം**

**ശ്രീമതി.പി. അയിഷാ പോറ്റി**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.ജോർജ് എം. തോമസ്**
**ശ്രീ.പി.ഉണ്ണി**

**ഉത്തരം**
പ്രൊഫ: സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) വിജ്ഞാന സമ്പാദനത്തേക്കാൾ തൊഴിൽ കമ്പോളത്തിലെ നേട്ടമാണ് മികച്ച വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന സമൂഹത്തിന്റെ തെറ്റിദ്ധാരണ തിരുത്തിക്കൊണ്ട്, കുട്ടികൾ ഓരോരുത്തർക്കും അവരവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ കഴിയുംവിധം പാഠ്യക്രമം നവീകരിക്കുന്ന കാര്യം പരിശോധിക്കുമോ;

എ) കേരളം മുന്നോട്ടു വയ്ക്കുന്ന വിദ്യാഭ്യാസത്തിന് , അതിനായി രൂപീകരിക്കപ്പെടുന്ന പാഠ്യക്രമത്തിന് രണ്ട് ധർമ്മങ്ങൾ നിറവേറ്റാനുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടവ

1) ഇന്ത്യൻ ഭരണ ഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യമതനിരപേക്ഷമൂല്യബോധം കുട്ടികളിൽ ഉളവാക്കുക.
2) അറിവിന്റേതായ ഇന്നത്തെ ലോകത്തിൽ ആത്മാഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും മുന്നോട്ടുപോകാനുള്ള അറിവും, കഴിവും, നൈപുണിയും ആർജ്ജിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ ഒരുക്കുക . വിദ്യാഭ്യാസ ഘട്ടത്തിനുശേഷം ജീവിതായോധനത്തിന്റെ ഭാഗമായി തൊഴിൽ ചെയ്ത് ജീവിക്കാനുള്ള കഴിവ് നേടുക.

ഇതിനനുസൃതമായി ഓരോ കുട്ടിയുടെയും പ്രതിഭകൾ തിരിച്ചറിഞ്ഞ് അത് ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാൻ സഹായിക്കുക. നിലവിലുള്ള പാഠ്യക്രമം ഇതുപ്രകാരമുള്ളതാണോ എന്ന് പരിശോധിച്ച്

ആവശ്യമാണെങ്കിൽ നവീകരിക്കുന്ന കാര്യം പരിഗണിക്കും.

ബി) പഠന സൗകര്യം ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായി വികസിപ്പിക്കുന്നതോടൊപ്പംബോധന രീതിയിലും പരീക്ഷാ രീതിയിലും നവീകരണം നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ;

ബി) ക്ലാസ്സ് മുറികൾ സാങ്കേതിക വിദ്യാസൗഹൃദമാക്കുന്നതിനനുസൃതമായി ബോധന രീതിയിൽ പരിവർത്തനം ആവശ്യമാകും അതോടൊപ്പം മൂല്യനിർണ്ണയ രീതിയിലും മാറ്റങ്ങൾ വേണ്ടിവരും. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയം (സി.സി.ഇ) കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പരീക്ഷകൾ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സി) വിദ്യാഭ്യാസ നിലവാര ഉന്നതിക്ക് നിർണായകമായ അദ്ധ്യാപകരുടെ കർമശേഷി ഉയർത്താൻ പരിപാടി യുണ്ടോ; വിശദാംശം നൽകാമോ?

സി) കാലഘട്ടം ആവശ്യപ്പെടുന്നതിനനുസൃതമായും സാങ്കേതിക വിദ്യാ സാധ്യതകളിൽ വരുന്ന മാറ്റത്തിനനുസരിച്ചും അദ്ധ്യാപകരുടെ കർമ്മശേഷി ഉയർത്താനായി തുടർച്ചയായ പരിശീലനം അനിവാര്യമാണ്. ഈ അവധിക്കാലത്ത് ഹൈടെക്ക് ക്ലാസ്സ് മുറികൾ പഠനബോധന പ്രവർത്തനങ്ങൾക്ക് സമഗ്ര വിഭവ പോർട്ടലിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതുകൂടി ഉൾപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ